# നീലാകാശത്തിലെ വെളുത്ത പട്ടങ്ങൾ

DIGITAL MAGAZINE


2023-2024



# ആമുഖം

വായനയും ഭാവനയുമൊക്കെ മനുഷ്യൻ ഉള്ള കാലത്തോളം നിലനിൽക്കും. വായനയുടെ പ്രതലങ്ങൾ മാറിയേക്കാം. ഗുഹാ ചിത്രങ്ങളിൽ തുടങ്ങിയ മനുഷ്യൻ്റെ എഴുത്ത് ഇന്ന് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ എത്തിയിരിക്കുകയാണ്. ആഴ്ചപ്പതിപ്പിനു കാത്തിരിക്കുകയും വായനശാലയിലേക്ക് പോവുകയും ചെയ്യുന്ന ആളുകളിൽ നിന്ന് പുതിയ തലമുറ ഏറെ മാറി. അവർ വെബ് സീനുകളെ പരിചയപ്പെട്ടവരാണ്. ഇഷ്ടമുള്ള മേഖല തിരഞ്ഞെടുത്ത് വായിക്കാൻ അവർക്കറിയാം. കാത്തിരിപ്പുകളില്ലാതെ സദാസമയം ഒരു വായനോപാധിയെ നാം കൂടെക്കൊണ്ടു നടക്കുന്നു.ഇത് ഒരവസരമായി പ്രയോജനപ്പെടുത്തണം.ഡിജിറ്റൽ മാഗസിൻ ഈ ഉദ്ദേശ്യത്തോടെയാണ് പുറത്തിറങ്ങുന്നത്.വായിക്കുക. വായനയുടെ വസന്തകാലത്തിൽ നിങ്ങളും ഒരക്ഷരമാവുക. അക്ഷരങ്ങളുടെ പുതിയ പ്രതലത്തിൽ നമുക്ക് കാലത്തെ വായിച്ചെടുക്കാം

രുക്മിണി ടീച്ചർ
മലയാളം അധ്യാപിക



രേഖ മേലയിൽ
പ്രിൻസിപ്പാൾ



ശ്രീമതി മുനീറ ടീച്ചർ
ഹെഡ് മിസ്ട്രസ്



ശ്രീമതി സീത എസ്
ഡെപ്യൂട്ടി ഹെഡ് മിസ്ട്രസ്



ശ്രീ ഫൈസൽ കെ പി
പിടിഎ പ്രസിഡൻറ്



കുമാരി അയാന ഫാത്തിമ
സ്കൂൾ ലീഡർ

# ആശംസ

വിവരസാങ്കേതിക വിദ്യാരംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഐടി ക്ലബ് ആണ് ലിറ്റിൽ കൈറ്റ്സ്. എം എസ് പി ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വളരെ മികച്ച പ്രവർത്തനം നടത്തി വരുന്നു.അവർ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും അതോടൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനങ്ങളും നേരുന്നു

മുനീറ എം
ഹെഡ് മിസ്ട്രസ്

# ആശംസ

ഈ കാലഘട്ടത്തിൽ മൊബൈലും ഇന്റർനെറ്റും കമ്പ്യൂട്ടറും ഒന്നുമില്ലാതെ ജീവിക്കാൻ പറ്റില്ല എന്ന് നമുക്കറിയാം. നമ്മുടെ കുട്ടികൾ പാഠപുസ്തകത്തിൽ നിന്ന് അതീതമായി വിവര സാങ്കേതിക വിദ്യാരംഗത്ത് മികച്ച പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു അവരുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്നതിന് വേണ്ടി ഉണ്ടാക്കിയിട്ടുള്ള ഐ ടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ നമ്മുടെ സ്കൂളുകളിൽ മികച്ച രീതിയിൽ നടന്നുകൊണ്ടിരിക്കുന്നു എം എസ് പി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

സീത എസ്
ഡെപ്യൂട്ടി ഹെഡ് മിസ്ട്രസ്

# ആശംസ

വിവരസാങ്കേതികവിദ്യയുടെ അഭൂതപൂർവ്വമായ വളർച്ച നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനോടൊപ്പം നമ്മളും നമ്മുടെ കുട്ടികളും സഞ്ചരിക്കേണ്ടതുണ്ട്. പ്രൈമറി തലം മുതൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിവിധ സോഫ്റ്റ്‌വെയറുകൾ കുട്ടികൾ പരിചയപ്പെടുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഹൈസ്കൂൾ തലത്തിൽ എത്തുമ്പോൾ കംപ്യൂട്ടർ ലാബുകളിൽ അവർക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ അവസരം ലഭിക്കുന്നു. വിദ്യാലയത്തിൽ നടക്കുന്ന വിവിധ പരിപാടികളുടെ ഡോക്യുമെന്റേഷനും അതോടൊപ്പം ഐ ടി പ്രവർത്തനങ്ങളും വളരെ ഭംഗിയായി നടത്തുന്ന ക്ലബാണ് ലിറ്റിൽ കൈറ്റ്സ്. സ്കൂളിലെ ഐ ടി യുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സംരക്ഷിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് വലിയ പങ്കാണുള്ളത് .അവർ തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ മികവുറ്റതാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അതിന് പിന്തുണയായി പ്രവർത്തിച്ച കൈറ്റ്സ് മാസ്റ്റർക്കും കൈറ്റ്സ് മിസ്ട്രെസ്സിനും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ


**സ്മിത പി ഐ**
**SITC**

# നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു?

(സുഗതകുമാരി)



ഒരു തള്ളക്കിളിയരുമക്കുഞ്ഞുങ്ങൾ-
ക്കിരയുമായിതാ തിടുക്കത്തിൽ
പറന്നണയുന്നു! പെട്ടെന്നവൾ
നടുങ്ങുന്നു!പിടയുന്നു!
ചുറ്റിപ്പറന്നുഴലുന്നു! അവളുടെ വിളി
മനുഷ്യഭാഷയിൽ
ഇതായിരിക്കാമെന്നെനിക്കു
തോന്നുന്നു:
നിങ്ങളെൻ ലോകത്തെയെന്തു
ചെയ്തു



## കുഞ്ഞുണ്ണി മാഷ്

വലിയൊരു ലോകം മുഴുവൻ
നന്നാവാൻ
ചെറിയൊരു സൂത്രം
ചെവിയിലോതാം ഞാൻ
സ്വയം നന്നാവുക..!



# എന്റെ നാട്

ദൈവങ്ങൾക്ക പഞ്ഞമില്ലീനാട്ടിൽ
പരാധീനതക്കതിരില്ലീ  നാട്ടിൽ
പട്ടിണിക്കറുതിയല്ലീ നാട്ടിൽ
കുബേരന്മാർ കുറവില്ലീ നാട്ടിൽ
രോഗികൾ കുറവല്ലീ നാട്ടിൽ
നാരികൾക്ക പഞ്ഞമില്ലീ  നാട്ടിൽ
വയോധികർക്കദിനമില്ലീ നാട്ടിൽ
യാചകൻ പെരുകയി നാട്ടിൽ
മാനവർ അധികമീ നാട്ടിൽ
എങ്കിലും നന്മയുണ്ടീനാട്ടിൽ.

**MEHBOOBA    VII-C**

# ഒരു ദൈവ സന്ദേശം

കരയുന്ന ഭൂമിയുടെ കണ്ണീർ
തുടയ്ക്കാൻ  ഒരുങ്ങാത്ത
മക്കളെ
പോറ്റുന്ന ഭൂമിയുടെ
ദിനം രോദനം കേൾക്കുന്നു
ഞാൻ
ഭൂമി വളരുന്നു മരണ
വേദനയോടെ
കണ്ണുനീർ പൊഴിക്കുന്നു
തടാകയെന്ന പോൽ
ഓർക്കുക മത്യാ നീ
ജീവൻ തുടിപ്പുള്ള
ഭൂമിയും ദേവിയെ
നോവിച്ചാൽ
അനുഭവിക്കും നീ
ഒരുനാൾ .

**MISHAL VII-A**


# ഒരു പുസ്തകം അറിവിന്റെ ചക്രവാളമാണ് !





**വായനയിലൂടെ തലമുറകൾ സംസ്കാരം പകർന്നു നൽകുന്നു, സംസ്കാരത്തിലൂടെ ജ്ഞാനവും ജീവിതവും .....**

**AFRISH AMAR IX-C**



# വായിച്ചാലും വളരും,
# വായിച്ചില്ലെങ്കിലും വളരും



# വായിച്ചു വളർന്നാൽ വിളയും,
# വായിക്കാതെ വളർന്നാൽ വളയും



**കുഞ്ഞുണ്ണി മാഷ്**

# അമ്മ തൻ സ്നേഹം

## അതിരില്ലാ സ്നേഹം



അമ്മയാണീയുലകത്തിൻ ദേവി

അമ്മയില്ലെങ്കിൽ സ്നേഹവുമില്ല

അതിരില്ലാ സ്നേഹത്തിൻ നിറകുടമാകും

അമ്മയെ വണങ്ങുക നിത്യവും നീ

കാലം മായ്ക്കാത്ത സ്നേഹമാണമ്മ

ജന്മം നൽകും കാരുണ്യമേ നീ
അമ്മതൻ കണ്ണുനീരിനുള്ളിലും
സ്നേഹമാണുണ്ണി

അമ്മതൻ മാഹാത്മ്യം പറഞ്ഞാലൊടുങ്ങില്ല

അമ്മ തൻ സ്നേഹം

അതിരില്ലാ സ്നേഹം

MUHAMMED SALMAN VIII-B



# നാളെയ്ക്കൊരു തണലിനായി
# ഇന്ന് തന്നെ മരങ്ങൾ നടാം

# ജൂൺ 19

# വായന ദിനം

കണ്ണിനെയും
ബുദ്ധിയെയും ഒരു
പോലെ സജീവമാകുന്ന
പ്രവർത്തിയാണ്  വായന
അറിവിന്റെ ലോകം അപാര
മാണ് അത് അഅനുനിമി
ഷം വികസിച്ചു കൊണ്ടിരിക്കു
ന്നു നാം അതിനൊപ്പം വളർ
ന്നില്ലെങ്കിൽ നമ്മുടെ സ്ഥാ
നം എത്രയോ പിറകിലാകു
മെന്ന് ഉറപ്പ്.അറിവ് നേടുന്ന
തിൽ ഏറ്റവും ശക്തവും ചിന്ത
ഉണർത്തുന്നതും പുസ്തക വാ
യന തന്നെ ആണ്
"പഠനം നിങ്ങൾക്ക് സ്വർഗാ
ത്മകത നൽകുന്നു സ്വർഗാ
ത്മകത ചിന്ത നൽകുന്നു ചിന്ത
അറിവും,അറിവ് മഹത്വവും
നൽകുന്നു"



SOUBIN.KM XH

# പ്ലാസ്റ്റിക് എന്ന മഹാമാരി

പരിസ്ഥിതിയെ കൊല്ലുന്ന ഒരു പ്രധാന വില്ലനാണ് പ്ലാസ്റ്റിക്.പ്ലാസ്റ്റിക് വസ്തുക്കൾ വളരെ കാലത്തേക്ക് വിഘടിച്ചുപോകാത്തതിനാൽ അത് ഭൂവൽക്കത്തിന്റെ പുറംപാളിയിൽ അടിഞ്ഞുകൂടുകയും ജീവജാലങ്ങളുടെ മൃതങ്ങളായ കോശ ശരീരങ്ങളുടെഅടക്കം വിഘടത്തിന് തടസ്സമുണ്ടാക്കുകയും ചെയ്യുന്നു.ഇത് ഭൗമ മണ്ഡലത്തിലെ മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്താൻ ഇടയാകുന്നു.ഭൂമി നമ്മുടെ സ്വത്താണ്.അതിന്റെ നിലനിൽപ്പും പരിപാലനവും നമ്മുടെ ഒത്തുരുമിച്ച പ്രവർത്തനങ്ങളിലൂടെ സാധ്യമാകണം.നാം അനുഭവിക്കുന്ന തണൽ നമ്മുടെ പൂർവികരുടെ പുണ്യമാണ്.ഭൂമിയിലെ വിഭവങ്ങൾ നാം ഉപയോഗിക്കുന്നതോടൊപ്പം അത് വരും തലമുറക്കുകൂടി നൽകാനുള്ള ബാധ്യത നമുക്കുണ്ട്



## യാത്രാവിവരണം

### എന്റെ മൈസൂർ യാത്ര

പുലർച്ചെ നാലു മണിക്ക് ബസ് പുറപ്പെ ട്ടു . ഞങ്ങൾ മൈസൂരിലേക്ക് ആണ് പോകുത്. കുറേക്കാലമായി കുറേ ദൂരത്തേക്ക് യാത്ര പോയത്. ആറുമണിക്ക് സുബ്ഹി നിസ്കരിക്കാൻ പള്ളിയിൽ എത്തി.ഞാനും നിസ്കരിക്കാൻ ഇറങ്ങി. വെള്ളംഎടുത്തു, വെള്ളം നല്ല തണുപ്പുണ്ട്. നിസ്കരിച്ച കഴിഞ്ഞ് എല്ലാവരും ബസ്സിൽ എത്തി. ബസ് പുറപ്പെ'ു. ഇ് എന്റെ കസിന്റെ പിറാളാണ്. ബസ്സിൽ കേക്ക് ഉണ്ട്. ഒരു സ്ഥലത്ത് ബസ്സ് നിർത്തി കേക്ക് മുറിച്ചു. വിൻഡോ സീറ്റ് കി'ാൻ ഞാൻ ബസ്സിലേക്ക് ഓടി. അങ്ങനെ എനിക്ക് വിൻഡോസീറ്റ് കിി. ബസ് പുറപ്പെ'ു. ഞങ്ങൾ തമിഴ്നാ'ിലേക്ക് പ്രവേശിച്ചു. ചെക്പോസ്റ്റിനടുത്ത് ബസ് നിർത്തി. കുറെ നേരം യാത്ര ചെയ്തു കർണാടക എത്തി. ഇനി ഒരു കാടാണ്. കാട്ടിനുള്ളിൽ ഞങ്ങൾ ആന, മയിൽ, കരടി, കാട്ടു പോത്ത്, മാൻ, കുരങ്ങൻ എിങ്ങനെയുള്ള ജീവികളെ കണ്ടു. ഒരു പഴയ സ്കൂളിനു മിലെത്തി. സ്കൂൾമുറ്റം നിറയെ മാനുകൾ. ഞങ്ങൾ മൈസൂരിൽ എത്തി കുറച്ചുനേരം കൂടി യാത്ര ചെയ്തു ടിപ്പുസുൽത്താന്റെ കൊ'ാരത്തിലെത്തി. അകത്തു കയറാനുള്ള ടിക്കറ്റ് എടുത്തു. ടിപ്പുവിന്റെ സിംഹാസനവും കൊ'ാരവും ഒക്കെ കണ്ടു. ടിപ്പുവിന്റെ വേനൽക്കാല കോ'യിലേക്ക് പുറപ്പെ'ു. അതിനിടയിൽ ബസ് ഒരിടത്ത് നിർത്തി ഭക്ഷണം കഴിച്ചു. കോ'യിൽ നല്ല തിരക്കുണ്ടായിരുു.

എങ്ങനെയോ ടിക്കറ്റ് കി'ി കൊ'ാരത്തിൽ കയറി. അവിടെ ടിപ്പുവിന്റെ വസ്തുങ്ങളും ആയുധങ്ങളും ചിത്രങ്ങളും കണ്ടു. ഇരു'ുതിനു മുൻപ് ഫ്ളാറ്റിൽ എത്തി കുളിച്ച് കിടുറങ്ങി. അടുത്ത ദിവസം രാവിലെ എഴുറ്റേ് റെഡിയായി ഫ്ളാറ്റിൽ നി് ഇറങ്ങി. ബസ് വരാൻ ഒരല്പം വൈകിയിരുു. അതിനിടയിൽ ഞങ്ങൾ കുറച്ച് ഫോ'ോസ് എടുത്തു. ബസ് വ്യു. ഉച്ചയ്ക്ക് ചോറ് തിുതിനായി ഒരു റസ്റ്റോറന്റിൽ കയറി. അവിടെ ഭക്ഷണം ഉണ്ടാക്കുതേ ഉണ്ടായിരുുള്ളൂ. അതിനാൽ ഞങ്ങൾ അടുത്തു കണ്ട ഒരു ക്രിസ്ത്യൻ പള്ളിയിൽ കയറി. നിറയെ കുരിശുകൾ. ചുമരിൽ ഒരു പ്രതിമയും കണ്ടു.

ഞങ്ങൾ ഭക്ഷണം കഴിക്കാൻ പോയി. ബിരിയാണിയാണ് കഴിച്ചത്. നല്ല രുചിയുണ്ടായിരുു. പിയെും യാത്ര തുടർു. മൃഗശാലയിൽ എത്തി ടിക്കറ്റ് എടുത്തു. മൃഗശാലയിൽ കുറെ മൃഗങ്ങളെ കണ്ടു. പരുന്തിനെയും സിംഹത്തെയും കണ്ടു. സിംഹം ഗർജ്ജിച്ചു. പിീട് വീ'ിലേക്ക് യാത്ര തിരിച്ചു. ഒരു കാടെത്തി, കാ'ിൽ നി് ഞങ്ങൾ ഒരു കരടിയെയും കു'ിയെയും കണ്ടു. പി െരാത്രി ഭക്ഷണം കഴിക്കാൻ ഒരു ഹോ'ലിൽ കയറി. പൊറോ'യും ബ'ർ ചിക്കനും കഴിച്ചു. കുറേനേരം യാത്ര ചെയ്തു ഒടുവിൽ കു'ിലങ്ങാടി എത്തി. അവിടെനി് ഒരു ഓ'ോയിൽ കയറിയാണ് വീ'ിലെത്തിയത്. അപ്പോഴേക്കും സമയം രാവിലെ മൂ മണിയോട് അടുത്തിരുു

ഫിസാൻ വി.പി (രണ്ട് എ)

## പുസ്തകാസ്വാദനം

### കമ്പിളി കുപ്പായം

ഈ പുസ്തകം എഴുതിയത് മലയത്ത് അപ്പുണ്ണിയാണ്. ഇതിൽ എ’◌് കഥകളും 39 പേജുകളും ഉണ്ട്. ഇതിലെ ഒരു കഥ കമ്പിളിക്കുപ്പായമാണ്. എനിക്കിഷ്ടപ്പെ’ കഥയും ഇതുതയൊണ്. രാമൻ പണിക്കരും രാജാവും രാജകുമാരിയും ആണ് പ്രധാന കഥാപാത്രങ്ങൾ. രാമൻ പണിക്കർ സൂത്രം പ്രയോഗിച്ച് രാജകുമാരിയെ വിവാഹം കഴിക്കാൻ ശ്രമിക്കു കഥയാണിത്. ഈ കഥ എനിക്ക് ഇഷ്ടപ്പെ’ു. നിങ്ങൾക്കും ഇഷ്ടപ്പെടും. ഈ പുസ്തകം നിങ്ങളും വായിക്കണേ...
സിനാൻ സാലിം വി പി (രണ്ട് സി)

## പൂച്ച

പാൽ കുടിക്കും പൂച്ച
രാത്രി നടക്കും പൂച്ച
വീ’◌ിൽ കയറും പൂച്ച
മ്യാവൂ മ്യാവൂ കരയും പൂച്ച


ഡാനിയ സാം (രണ്ട് ബി)

## പൂമ്പാറ്റ

പൂവിൽ ഇരിക്കും പൂമ്പാറ്റ
തേൻ കുടിക്കും പൂമ്പാറ്റ
പാറി പറക്കും പൂമ്പാറ്റ
പാ’◌് പാടും പൂമ്പാറ്റ



### പൂവ്

എന്തൊരു ചന്തമാണ് കാണാൻ! നീളത്തിലുള്ള ത  ൾ നല്ല രസമാണ്. ചുവ നിറത്തിലുള്ള വലിയ ഇതളുകൾ ൾ പച്ച നിറത്തിലും. ആരെയും ആകർഷിക്കു സുഗന്ധം. പൂമ്പാറ്റകളും വണ്ടുകളും ഉറുമ്പുകളും എല്ലാം കൂ’◌ുകൂടും. പൂവിന്റെ തേൻ എന്തൊരു രുചിയാണ്.
ഫാത്തിമ ദിൽഫ എൻകെ (രണ്ട് ബി)


### തണുപ്പുനിറഞ്ഞ യാത്ര

എന്റെ ഫാമിലിയുമൊത്ത് കാറിൽ കണ്ണൂരിലേക്ക് ഒരു യാത്ര


പൂവ്
എന്തൊരു ചന്തമാണ് കാണാൻ! നീളത്തിലുള്ള തണ്ടുകൾ നല്ല രസമാണ്. ചുവ നിറത്തിലുള്ള വലിയ ഇതളുകൾ. ഇലകൾ പച്ച നിറത്തിലും. ആരെയും ആകർഷിക്കു സുഗന്ധം. പൂമ്പാറ്റകളും വണ്ടുകളും ഉറുമ്പുകളും എല്ലാം കൂ'ുകൂടും. പൂവിന്റെ തേൻ എന്തൊരു രുചിയാണ്.
ഫാത്തിമ ദിൽഫ എൻകെ (രണ്ട് ബി)

## യാത്രാവിവരണം

തണുപ്പുനിറഞ്ഞ യാത്ര
എന്റെ ഫാമിലിയുമൊത്ത് കാറിൽ കണ്ണൂരിലേക്ക് ഒരു യാത്ര പോയിരു. അവിടെ എത്താറായപ്പോൾ ഞങ്ങൾ ഒരു കുളം കണ്ടു. കുറച്ചുനേരം അവിടെ നി് ഫോ'ോ എടുത്തശേഷം യാത്ര തുടർു. നല്ല തണുപ്പ് ഉണ്ടായിരു. നാലു മണിയായപ്പോൾ കണ്ണൂരിലെത്തി. ചെ ഉടനെ ചായ കുടിച്ചു. അവിടെ ഒരുപാട് കു'ികൾ ഉണ്ടായിരു. എല്ലാവരെയും പരിചയപ്പെ'ു. പി െഞങ്ങൾ നല്ല ഫ്രണ്ട്സ് ആയി. രാത്രി ഞങ്ങൾ ഒരു വലിയ മല കാണാൻ പോയി. അവരുടെ ജീപ്പിൽ ആയിരു പോയത്. ടിക്കറ്റ് എടുത്ത് മലമുകളിൽ എത്തി. മുകളിൽ കുറേ ടെന്റുകൾ ഉണ്ടായിരു. അവിടെനി് ഞങ്ങൾ കുറെ മിഠായി കഴിച്ചു. തിരിച്ച് അവരുടെ വീ'ിലേക്ക് പോയി. ഭക്ഷണം കഴിച്ച് അവിടെ ഉറങ്ങി. പിറ്റേ ദിവസം ഞങ്ങൾ മറ്റുള്ള വീടുകളിലും പോയി. രാവിലെ ഞങ്ങൾ അടുത്തുള്ള പുഴയിൽ പോയി. പുഴയിൽ ഇറങ്ങാൻ ആദ്യം എനിക്ക് പേടിയായിരു. പി െവെള്ളത്തിലേക്ക് ഇറങ്ങി കുളിച്ചു. ഡ്രസ്സ് മാറി ഞങ്ങൾ അവിടത്തെ കല്യാണത്തിന് പോയി. കണ്ണൂരിൽ ഞങ്ങൾക്ക് ഒരുപാട് കുടുംബമുണ്ട്. ഞങ്ങൾ അവിടെയെല്ലാം കയറി.
ദിൻഷ പി എം (രണ്ട് സി)



## പുസ്തകാസ്വാദനം



**സ്വപ്നത്തിലെ പൂമ്പാറ്റ**

**സ്വപ്നത്തിലെ പൂമ്പാറ്റ എ് ഈ പുസ്തകം എഴുതിയത് പി വി എസ് പടിക്കൽ ആണ്. ഇതിൽ പതിനെ'് കഥകൾ അടങ്ങിയി'ുണ്ട്. എനിക്ക് ഏറ്റവും ഇഷ്ടപ്പെ' കഥ ൗന്ദര്യമത്സരം ആണ്. എല്ലാവരും ഈ പുസ്തകം വായിക്കൂ...**

**ഫാത്തിമ ദിൽഫ എൻ കെ (രണ്ട്് സി)**

## പുസ്തകാസ്വാദനം



**കൊക്കരക്കോ...**
**ഈ കഥയിൽ എഴുതാനും വരയ്ക്കാനും കഴിയാത്ത കുറ്റി പെൻസിലിന്റെ വിഷമമാണ് കാണുത്. കുറ്റിപ്പൻസിലിന്റെ കൂ'ുകാരി വിഷമിച്ചിരിക്കുതുകണ്ട് ടീച്ചർ വരികയും കാര്യമന്വേഷിക്കുകയും ചെയ്യു. അപ്പോൾ തന്റെ വിഷമം കുറ്റിപ്പൻസിൽ സങ്കടത്തോടെ ടീച്ചറോട് പറയു. ടീച്ചർ ഉടൻ ഡോക്ടറായ ക'റിനെ കാണിച്ച് അസുഖം മാറ്റു. തുടർ് സന്തോഷത്തോടെ അംഗൻവാടിയിൽ വ് എഴുതാനും വരയ്ക്കാനും തുടങ്ങി. കോഴിയെ മനോഹരമായി വരച്ചു കൂ'ുകാർക്കൊപ്പം കളിക്കു കുറ്റി പെൻസിലിനെ ഈ കഥയിൽ നമുക്ക് കാണാം. കൊക്കരക്കോ എ ഈ ചെറുകഥയുടെ രചന നിർവഹിച്ചിരിക്കുത് രമേശൻ കടൂർ. ചിത്രീകരണം രാജീവ് എൻ. ടി.**


**ആരാധ്യ എം (രണ്ട്് ബി)**

## പുസ്തകാസ്വാദനം

**ഒരു കുടയും കുഞ്ഞുപെങ്ങളും**
**ഈ കഥ എഴുതിയത് മു'ത്തുവർക്കിയാണ്. ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ ലില്ലിയും ബേബിയും ആണ്. ഈ പുസ്തകത്തിൽ പത്ത് കഥകൾ ഉണ്ട്. അതിൽ എനിക്കിഷ്ടപ്പെ' കഥ ഒരു കുടയും കുഞ്ഞു പെങ്ങളും ആണ്. ലില്ലിക്ക് ഒരു കുട കി'ു കഥയാണ് ഇതിൽ. ഈ കഥ വളരെ രസകരമായ ഓണ്. ഇത് നിങ്ങൾക്കെല്ലാവർക്കും ഇഷ്ടപ്പെടും. എല്ലാവരും ഈ കഥ വായിക്കണം.**


**വേദിക പി പി (രണ്ട് സി)**

# the earth



once i was sitting alone
thinking aboutthe world
the home of all organisms
its the living planet
its just round in shape
but it hasimaging features
its support the presouis life
and it supports biodiversity
it has oceans with salt water
so it seems to be blue
it has trees with green color
it has deserts so hot
islands and oasis
and also greenlands with
diffrent kind of people
and a varied graphy
varied climate and wealth
in our home  the earth

sanjid m 9k



# യഥാർത്ഥ സുഹൃത്തുക്കൾ

ഒരിക്കൽ രണ്ട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. ഒരു അണ്ണാനും ഒരു നായ്ക്കുട്ടിയും. അവർ ഒരുമിച്ച് ജീവിക്കുകയും കളിക്കുകയും ചെയ്തു. അണ്ണാൻ വളരെ സ്പോർടി ആയിരുന്നു, എല്ലായ്പ്പോഴും കളി ജയിക്കുമായിരുന്നു. നായ്ക്കുട്ടി മോശമായി വീണു, അതുകൊണ്ട് പ്രയോജനമില്ലെന്ന് കരുതി. ഒരു ദിവസം, കനത്ത മഴ പെയ്യാൻ തുടങ്ങി. അണ്ണാൻ ഉത്സാഹത്തിലായിരുന്നു, അവൻ ചേഷ്ടകൾ ചെയ്യാൻ തുടങ്ങി, പക്ഷേ പെട്ടെന്ന് സമനില തെറ്റി മഴവെള്ളത്തിൽ വീണു. അവൻ



തൻ്റെ സുഹൃത്തിനെ സഹായത്തിനായി നായ്ക്കുട്ടിയെ വിളിച്ചു. നായ്ക്കുട്ടി അവനെ രക്ഷിക്കാൻ വന്നു. അണ്ണാൻ അതിൻ്റെ പുറകിൽ കയറി സുരക്ഷിതമായ സ്ഥലത്ത് എത്തി. തൻ്റെ ജീവൻ രക്ഷിച്ച സുഹൃത്തിന് നന്ദി പറഞ്ഞു.

**SANA FEBIN VI:A**

# കാർമേഘം

മനം പോലെ മാനവും
ഇരുളുന്നു വീണ്ടും ...
പെയ്തൊഴിയൊഴിയുന്നില്ല
ഒരു തുള്ളിപോലും ...
ഘനമേറെയാണതാനും ...
ആർത്തലച്ചു പെയ്യണം
ലഘുവായ് വീണ്ടും-
വാനിലേക്കുണർന്നുയരാണ്
ഈ ചക്രമിതുപോൽ
തുടരുവാൻ .

AFRISH AMAR IX:C

# peacock

peacock spreads his tail.surprise
afeather-ocean...full of eyes

one- by -one'they stare at me.
i took at them and see the sea

and suddenly' .i've left the zoo
i whirl through water deep and blue

my mind is fresh and watery-wild
i feel like i'ma mermaid child

i even ride a friendly whale
swimming here,in peacok's tail



# Rain

Summer has goneand rain have come

rain have come...rain have come.

to make the earth beautiful and green some..

i was talking to rain one day ..yes rainone day

rain why don't you come everyday ..everyday..

I like to play in ur rain shower

And dance on the tune of falling water

mummy brings hot soup for me in a tray

rain wgy don't you come everyday...everyday...


i play with my umbrella and make it swing

to see the waterfall and make a ring...





# പുരോഗാമി



ഒരിക്കൽ ഒരു മനുഷ്യൻ തന്റെ കൃഷിയിടത്തിൽ നിന്ന് അതിമനോഹരമായ ഒരു വെണ്ണക്കൽ പ്രതിമ കുഴിച്ചെടുത്തു. സൗന്ദര്യവസ്തുക്കളെ സ്നേഹിക്കു കയും അവ ശേഖരിക്കുകയും ചെയ്തിരുന്ന ഒരാ ളുടെ അടുത്തേക്ക് അയാൾ അതുമായി ചെന്നു അയാൾ ആ പ്രതിമയെ ഒരു വലിയ തുകയ്ക്ക് സൗന്ദര്യാസ്വാദകനു വിറ്റു.

പണവുമായി വീട്ടിലേക്കു മടങ്ങുമ്പോൾ അയാൾ ഇങ്ങനെ ചിന്തിക്കാൻ തുടങ്ങി: ഈ പണം എന്തു മാത്രം ജീവിതസൗകര്യങ്ങളാണ് നൽകുന്നത്! എല്ലാ വരാലും അവഗണിക്കപ്പെട്ട് ആയിരത്തോളം വർഷ ങ്ങളായി മണ്ണിനുള്ളിൽ പുതഞ്ഞുകിടന്നിരുന്ന ഒരു മൃതശിലാഖണ്ഡത്തിനു പകരമായി ഇത്രമാത്രം പണം നൽകി ഏതു വിഡ്ഢി വിലയ്ക്കുവാങ്ങും?

അപ്പോൾ തന്റെ കൈക്കലെത്തിച്ചേർന്ന പ്രതിമയി ലേക്കു നോക്കി സൗന്ദര്യാസ്വാദകൻ ഇങ്ങനെ ചിന്തി ക്കുകയായിരുന്നു: എന്തൊരു സൗന്ദര്യം! എന്തൊരു ജീവപ്രകാശം! ആയിരം വർഷങ്ങളുടെ നിർമ്മലമ ധുരമായ നിദ്രയ്ക്കുശേഷം എൻ്റെ കൈകളിലെത്തി ച്ചേർന്നിരിക്കുന്നത് ഏത് ആത്മാവിന്റെ സ്വപ്ന മാണ്! മൃതവും സ്വപ്നരഹിതവുമായ പണത്തിനു പകരമായി ഇതിനെ കൈമാറാൻ ആർക്കു തോന്നും?

-(ഖലീൽജിബ്രാൻ) ജിബ്രാൻ)

# 'വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും'

**? മഹാത്മജിയുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയ പുസ്തകമായിരുന്നു ജോൺ റസ്കിൻ രചിച്ച ഗ്രന്ഥം. ഏതാണ് ആ ഗ്രന്ഥം?**
ഉ– അൺ ടു ദി ലാസ്റ്റ്

**? പി എൻ പണിക്കർ തന്റെ ജന്മനാട്ടിൽ ആരംഭിച്ച വായനശാലയുടെ പേര്?**
ഉ– സനാതന ധർമ്മം(1960ൽ)

**? പുസ്തക വായനയിലൂടെ രോഗങ്ങൾ മാറുന്ന രോഗമേത്?**
ഉ– ബീബ്ലിയോ തെറാപ്പി


? ലോകത്തിലെ ഏറ്റവും വലിയ ഗ്രന്ഥശാല?
ഉ– യു എസിലെ വാഷിങ്ടൺ ലൈബ്രറി ഓഫ് കോൺഗ്രസ്

? ഇന്ത്യയിലെ ഏറ്റവും വലിയ ഗ്രന്ഥശാല?
ഉ– കൊൽക്കത്ത നാഷണൽ ലൈബ്രറി

? ഭാരതീയ ഗ്രന്ഥാലയ ശാസ്ത്രത്തിന്റെ പിതാവ്?
ഉ– ഡോ. എസ് ആർ രംഗനാഥൻ


? പി എൻ പണിക്കരുടെ പൂർണനാമം?
ഉ– പുതുവായിൽ നാരായണ മേനോൻ

# The Earth



Once i was a sibling alone
Thinking about the world,
The home of all organisms
It's the living planet
It's just round in shape
But it has amazing features
It supports the precious life.
And it supports biodiversity
It has oceans with salt water
So it seems to be blue
It has trees with green colour
So it seems to be green too
It has desserts soa hot
Islands and Oasis too
And also greenlands with-
Innumerable long grasses
Different kind of people
And a varied topography
Varied climate and weather so-
on
In our home , The Earth

# ചുവന്ന കയ്യുറകൾ



അന്നും പതിവുപോലെ ഡോക്ടർ നിർമൽ റൗണ്ട്സ് കഴിഞ്ഞെത്തി.ഡ്യൂട്ടി ഡോക്ടർമാരും, നഴ്സുമാരും ചേർന്ന് ഒരു ചെറിയ കേക്ക് മുറിക്കൽ."വിഷ് യു എ വെരി ഹാപ്പിബർത്ത്ഡേ നിർമൽ', എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഡോക്ടർ തന്റെ റൂമിലെത്തി. "ഇന്ന് രാത്രിയിൽ ഞാൻ വണ്ടിയുമായി വരും,ആർക്കും സംശയം തോന്നില്ല,ഞാൻ മാനേജ് ചെയ്തോളാം.'സിസ്റ്റർ പറഞ്ഞു.സമയം അർദ്ധരാത്രി.സ്ഥലമെത്തി. അകത്തു കടന്നു.അവിടെ രണ്ടു ചുവന്ന കയ്യുറകൾ ഡോക്ടർ കണ്ടു.ഡോക്ടർ നിർമൽ ആ ബെഡിൽ കിടത്തിയ മുഖത്തേയ്ക്ക് ഒന്ന് നോക്കി.അദ്ദേഹത്തിന്റെ മുഖത്തിലെ പേശികൾ വലിഞ്ഞുമുറുകുന്നതും, ചുണ്ടുകൾ വിറയ്ക്കുന്നതും ആ മങ്ങിയ വെളിച്ചത്തിലും അവരെല്ലാം കണ്ടു. "നോ, ഐ കാണ്ട് ഡൂ ദിസ് ", ഡോക്ടർ നിർമൽ ഒരു ഭ്രാന്തനെപ്പോലെ അലറി. 'താങ്ക്സ് ഡോക്ടർ, എന്റെ ചേട്ടൻ രക്ഷപെട്ടു. തന്റെ ആദ്യത്തെ കിഡ്നി മാറ്റിവെയ്ക്കൽ സക്സസ്', ഡോക്ടർ നിർമൽ ഓർത്തു. വളര

അന്നും പതിവുപോലെ ഡോക്ടർ നിർമൽ റൗണ്ട്സ് കഴിഞ്ഞെത്തി.ഡ്യൂട്ടി

ഡോക്ടർമാരും, നഴ്സുമാരും ചേർന്ന് ഒരു ചെറിയ കേക്ക്

മ◌ുറിക്കൽ."വിഷ് യു എ വെരി ഹാപ്പിബർത്ത്ഡേ നിർമൽ',

എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഡോക്ടർ തന്റെ റൂമിലെത്തി. ”ഇന്ന് രാത്രിയിൽ ഞാൻ വണ്ടിയുമായി വരും,ആർക്കും സംശയം തോന്നില്ല,ഞാൻ മാനേജ്

ചെയ്തോളാം’സിസ്റ്റർ പറഞ്ഞു.സമയം അർദ്ധരാത്രി.സ്ഥലമെത്തി. അകത്തു കടന്നു.അവിടെ രണ്ടു ചുവന്ന കയ്യുറകൾ ഡോക്ടർ കണ്ടു.ഡോക്ടർ നിർമൽ

ആ ബെഡിൽ കിടത്തിയ മുഖത്തേയ്ക്ക് ഒന്ന് നോക്കി.അദ്ദേഹത്തിന്റെ

മുഖത്തിലെ പേശികൾ വലിഞ്ഞുമുറുകുന്നതും, ചുണ്ടുകൾ വിറയ്ക്കുന്നതും ആ മങ്ങിയ വെളിച്ചത്തിലും അവരെല്ലാം കണ്ടു.

”നോ, ഐ കാണ്ട് ഡൂ ദിസ് ”, ഡോക്ടർ നിർമൽ ഒരു ഭ്രാന്തനെപ്പോലെ അലറി.

’താങ്ക്സ് ഡോക്ടർ, എന്റെ ചേട്ടൻ രക്ഷപെട്ടു. തന്റെ ആദ്യത്തെ കിഡ്നി
മാറ്റിവെയ്ക്കൽ സക്സസ്’, ഡോക്ടർ നിർമൽ ഓർത്തു.
വളരസന്തോഷത്തോടെ റൂമിലെത്തി.

ഇതൊന്നും അറിയാത്ത ഒരു വൃദ്ധന്റെ മൃതദേഹം മഴയത്ത് മോചനം കാത്ത് ആ കുറ്റിക്കാട്ടിൽ കിടന്നു.

## എന്റെ സൗഹൃദം




ഏകാന്തത എന്ന കൂട്ടുകാരൻ
എന്റെ സന്തത സഹചാരിയായി

അവനെചതിച്ചുകൊണ്ട്
അവൾ ആസ്ഥാനം കയ്യടക്കി.

എങ്കിലും അവൻ വരും.
അവളില്ലാത്ത തക്കം നോക്കി.
അവനെയാണെന്നെഏറെയിഷ്ടം

എനിക്കും അവനെയാണ്
പലപ്പോഴും ഏറെയിഷ്ടം

അവനഞ്ചുകൂട്ടുകാരികൾ
കല - കവിത - ഭാവന - തനിമ - സംഗീതം

ഞാനവരെ നോക്കാറില്ല.
ചെയ്യുന്ന തൊഴിലിൽ അതിനുള്ള വകുപ്പില്ല.

എങ്കിലും കവിത എന്നെ
തുണച്ചിട്ടുണ്ട്, പലവട്ടം




# എന്റെ നാട്

**ദൈവങ്ങൾക്കു പഞ്ഞമില്ലിനാട്ടിൽ
പാരാധീനതക്കെതിരില്ലി നാട്ടിൽ
പട്ടിണിക്കാറുതീയിലി നാട്ടിൽ
കുബേരന്മാർ കുറവില്ലീ നാട്ടിൽ
രോഗികൾ കുറവില്ലീ നാട്ടിൽ
നാരികൾക്ക് കുറവില്ലിനാട്ടിൽ
വായയോധികൾക് അധീനമില്ലി നാട്ടിൽ
യാചകൻ പേരുകയി നാട്ടിൽ
മാനവർ അധികമീ നാട്ടിൽ
എങ്കിലും നന്മയുണ്ടീ നാട്ടിൽ**

# NO ENVIRONMENT

# NO LIFE.....



THINK GLOBALLY,ACT LOYALLY,
THE DESERT SHALL REJOICE AND BLOSSOM AS ROSE,MAN HAS BEEN ENDOWED WITH REASON;
WITH POWER TO CREATE
SO THATHE CAN ADD TO WHAT HE'S BEEN GIVEN
BUT UP TO NOW HE HAS ONLY BEEN DESTROYER

# വായനാവാരം ഗംഭീരമാക്കാം

"എഴുതിയത് വായിക്കരുത് . വായിച്ചത് എഴുതരുത് എഴുതി വായിക്കണം വായിച്ച എഴുതണം ."

"വായിച്ചാലും വളരും ...വായിച്ചില്ലേലും വളരും വായിച്ചാൽ വിളയും വായിച്ചില്ലേൽ വളയും ."

"വലിയൊരു ലോകം മുഴുവൻ നന്നവാൻ ചെറിയൊരു സൂത്രം ചെറിയിച്ചോതാം ഞാൻ ...."സ്വയം നന്നാവുക ".

"കപട ലോത്തിചെന്നുടെ കാപട്യം സകലതും കാൺവാതണ്ണെൻ പരാജയം."

"തീർച്ചയുള്ള വാക്കേ , മൂർച്ചയുള്ള വാക്ക് ".

"വായിച്ച തന്നെ വളരണം ."

"വായന മരിക്കുന്നില്ല കരുത്താർജിക്കുന്നു."

"നാം നമ്മൾ വായിച്ചതോളം ."

" 'ഇ –ലോകം ' നവവായനയുടെ ലോകം "

# പൊതിച്ചോറ്

നാലു മണിക്കുള്ള അലാറം കേട്ട് ജാനു ഉണർന്നു.എന്തോ ഓർത്തു ചാടി പിടഞ്ഞണീറ്റു. ഇന്ന് അമ്പലത്തിൽ പോയി തൊഴുതു വരണം. ഇന്നേക്ക് നാല് വർഷമായി അനിലേട്ടൻ ഞങ്ങളെ വിട്ടു പോയിട്ട്. ജാനുവിന്റെ കണ്ണുകൾ നിറഞ്ഞു.ജാനുവേഗം കുളിച്ച് അമ്പലത്തിലേക്ക് പോകാൻ ഒരുങ്ങി.പോകും മുമ്പ് മോൻ്റെ മുറിയിലേക്കൊന്ന് എത്തിനോക്കി.അവൻ നല്ല ഉറക്കത്തിലാണ്. മോൻ ഉണരും മുമ്പ് തിരിച്ചെത്തണം.പോകും വഴി ജാനു ചിന്തയിലാണ്ടു. ഇപ്പോൾ എൻറെ എല്ലാമെല്ലാം മോൻ മാത്രമാണ്. തനിക്ക് ജീവിക്കണമെന്ന തോന്നലുള്ളതുപോലും മോൻ ഉള്ളതുകൊണ്ട് മാത്രമാണ് .. അവനുവേണ്ടി ജീവിക്കണം ..എത്ര കഷ്ടപ്പെട്ടിട്ട് ആയാലും അവനെ നല്ല നിലയിൽ എത്തിക്കണം. ജാനു അമ്പലത്തിലെത്തിയതോടെ ചിന്തകളിൽ നിന്ന് ഉണർന്നു. അനിലേട്ടന് വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. പിന്നെയുള്ളത് മോന് വേണ്ടിയായിരുന്നു... എൻറെ മോന് നല്ല വരുത്തണേ...അവന് ആപത്തൊന്നും വരുത്തല്ലേ...നന്നായി പഠിക്കാൻ കഴിയണേ... അങ്ങനെ തുടങ്ങി മകനുവേണ്ടി സകല ദൈവങ്ങളെയും വിളിച്ച് പ്രാർത്ഥന നടത്തി വേഗം തിരിച്ചു പോന്നു.

വീട്ടിലെത്തി വേഗം അടുക്കളയിൽ കേറി... കുറച്ചു നേരത്തെ പരിശ്രമത്തിനൊടുവിൽ ഒരു വിധം എല്ലാം റെഡിയാക്കി. മുറ്റത്തിറങ്ങി നേരെ തൊടിയിൽ പോയി വാഴയില വെട്ടിക്കൊടുന്നു. അടുപ്പിൽ വച്ച് അത് വാട്ടിയെടുത്തു.മേശപ്പുറത്ത് ന്യൂസ് പേപ്പർ വിരിച്ച് അതിൽ വാഴയില വെച്ചു അതിലേക്ക് കുറച്ച് ചോറ് വിളമ്പി, പിന്നെ സാമ്പാറും ഒഴിച്ചു. പയർ കൊണ്ട് തോരനും, ഇന്നലെ വാങ്ങിയ മീനിൽ നിന്ന് തൻറെ ഓരി മോന് നാളെ കൊണ്ടു പോവാലോ എന്ന് വിചാരിച്ച് മാറ്റിവെച്ച മീൻ പൊരിച്ചതും, നല്ല തേങ്ങയും മാങ്ങയും കാന്താരി മുളകും ഒക്കെ ഇട്ട് അരച്ച ചമ്മന്തിയും അങ്ങനെ എല്ലാം കൂടെ ഒരു ഭാഗത്ത് വെച്ച് പൊതിയാൻ തുടങ്ങി. പൊതിയാൻ നേരമാണ് തള്ളക്കോഴി കൂട്ടിൽ നിന്ന് കൊക്കിപ്പാറുന്നത് കേട്ടത്. അവൾ മുട്ടയിട്ടു കാണും എന്നും പറഞ്ഞ് ജാനു പുറത്തേക്ക് ഓടി. കോഴിക്കൂട്ടിൽ നിന്നും മുട്ട എടുത്തു കൊണ്ടുവന്ന് അത് വേഗം പൊരിച്ചെടുത്തു. അതും ചോറിലേക്ക് ഇട്ട് നന്നായി പൊതിഞ്ഞു കെട്ടി. അവൻ പോയി കഴിഞ്ഞിട്ട് വേണം എനിക്ക് തൊഴിലുറപ്പിൻ്റെ പണിക്ക് പോകാൻ.

എട്ടു മണി ആയപ്പോയെക്കും വീട്ടിലെ പണികൾ അവൾ ഓടിനടന്നു ചെയ്തു.... കിരൺ കോളേജിൽ പോവാൻ റെഡി ആയി വന്നു.. മോനെ ചോറ് മുഴുവൻ കഴിക്കണേ....എന്നും പറഞ്ഞു പൊതിച്ചോർ അവന്റെ ബാഗിൽ ഇട്ടു.. "ആ" എന്ന ഒറ്റവാക്കിൽ ഒതുക്കി അവൻ വീട്ടിൽ നിന്നിറങ്ങി...ബുള്ളറ്റുമായി വഴിയിൽ കൂട്ടുകാരൻ അൻവർ നിൽപ്പുണ്ട്.എന്താടാ നിനക്ക് ഒന്ന് നേരത്തെ ഇറങ്ങിക്കൂടെ?? അമ്മ ചോറ് ആക്കാൻ നേരം വൈകി അതാടാ... എന്നും പറഞ്ഞു അവൻ പുറകിൽ കേറി... അൻവർ പൊട്ടിച്ചിരിച്ചു..." നീ എന്താടാ നെഴ്സറി കുട്ടി ആണോ.. ചോറും കറിയും ഒക്കെ പൊതിഞ്ഞു കൊണ്ട് പോവാൻ... നിനക്ക് നാണം ഇല്ലേ.. അയ്യേ ഇപ്പഴും കുഞ്ഞു കുട്ടികളെ പോലെ..ഇങ്ങനെ ഇതൊക്കെ കോളേജിൽ കൊണ്ട് പോകാൻ ഇന്നത്തെ കാലത്ത് ആരെങ്കിലും ഉണ്ടാകുമോ.. നീ അത് ആ തൊടിയിലേക്ക് ഇട്ടേക്ക് .എന്റെ ഒപ്പം അതുമായി വരണ്ട. എനിക്ക് നാണക്കേട് ആണ്. ഞാൻ നിനക്ക് ക്യാൻ്റീനിൽ നിന്ന് പപ്സോ ബർഗ്ഗറോ എന്താ വേണ്ടതെന്ന് വെച്ചാൽ വാങ്ങിത്തരാം... എന്നും പറഞ്ഞു അൻവർ തന്നെ അത് എടുത്തു അവറാൻ കാക്കാന്റെ തൊടിയിലേക്ക് ഇട്ടു....

അവൻ പോയതിന് പിന്നാലെ അവളും വീട് പൂട്ടി പണിക്ക് പോവാൻ ഇറങ്ങി... അടുത്തുള്ള അവറാൻ കാക്കാന്റെ തൊടിയിൽ തന്നെയാണ് പണി. ആകെ കാട് പിടിച്ചു കിടക്കാ.. അവിടെ ആളുകൾ വേസ്റ്റ് കൊണ്ട് പോയി ഇടുന്നത് കൊണ്ട് പട്ടിയും പൂച്ചയും കാക്കയും ഒക്കെ അവിടെ ധാരാളം ഉണ്ട്. അവർക്ക് വയറു നിറയെ ഭക്ഷണം

കിട്ടും. പിന്നെ വേറെ എങ്ങോട്ടും പോവണ്ട ല്ലോ...ഒപ്പമുള്ളവരോട് ഓരോന്ന് കുശലം പറഞ്ഞു അവിടെയെത്തി ജോലി തുടങ്ങി.. അപ്പോഴാണ് ആ കാഴ്ച അവൾ കണ്ടത്. തന്റെ മകന് വേണ്ടി നേരം നാലുമണിക്ക് എണീറ്റ താൻ കഷ്ടപ്പെട്ട ഉണ്ടാക്കിയ പൊതിച്ചോർ ചിന്നി ചിതറി കിടക്കുന്നു.. മുട്ട പൊരിച്ചതിന് കടി പിടി കൂടുന്ന കാക്കകൾ, മീൻ പൊരിച്ചത് കിട്ടിയതിൽ തന്നെ നോക്കി ഒരു പുച്ഛ നിർവൃതി കൊണ്ടു..ചിന്നിചിതറിയ ചോറ്എടുത്തു ഓരോ കാക്കയും മരക്കൊമ്പിലുള്ള കൂട്ടിലെ തന്റെ കുഞ്ഞുങ്ങളുടെ വിശപ്പടക്കുന്നു......പൊതിച്ചോർ മാത്രം അല്ല ഈ ചിതറി കിടക്കുന്നത് എന്റെ മോന് ഞാൻ നൽകിയ കളങ്ക മില്ലാത്ത സ്നേഹം കൂടെയാണ്..തന്റെ കലങ്ങിയ കണ്ണും തകർന്ന മനസ്സും കൂടെ ഉള്ളവർ കാണാതെ അതെല്ലാം അവൾ തന്നെ വൃത്തിആക്കിത്തുടങ്ങി.....



Mohammed Fadhil.P
9 D

# ഉപ്പ് കച്ചവടക്കാരന്റെ

പണ്ടുപണ്ട് ഒരു ഉപ്പ് കച്ചവടക്കാരന് ഒരു കഴുത ഉണ്ടായിരുന്നു. മഹാമടിയനായിരുന്നു

ഈകഴുത.ഒരു ദിവസം കച്ചവടക്കാരൻ ഒരു ചാക്കു നിറയെ ഉപ്പ് വാങ്ങി കഴുതപ്പുറത്തു

വെച്ചു വീട്ടിലേക്കു നടന്നു. പാലം കടക്കുമ്പോൾ കാലിടറി കഴുത വെള്ളത്തിൽ വീണു.

വെള്ളത്തിൽ നിന്നും കരകയറി വീട്ടിലേക്കു നടക്കുമ്പോൾചാക്കിന്റെ ഭാരം വല്ലാതെ

കുറഞ്ഞതായി കഴുതക്ക് അനുഭവപ്പെട്ടു. കുറെ ഉപ്പ് വെള്ളത്തിൽ അലിഞ്ഞു പോയതാ

യിരുന്നു കാരണം. പിന്നീട് വെള്ളത്തിൽ വീഴൽ കഴുത ഒരു പതിവാക്കി. ഭാരം കുറഞ്ഞാ

ൽ സുഖമായി നടക്കാമല്ലോ. കഴുതയുടെ സൂത്രം മനസ്സിലാക്കിയ കച്ചവടക്കാരൻ

കഴുതയെ ഒരു പാഠം പഠിപ്പിക്കുവാൻ തീരുമാനിച്ചു. ഒരു ചാക്കു നിറയെ പഞ്ഞി വാങ്ങി

കഴുതപ്പുറത്തു വെച്ചുകെട്ടി. പതിവു പോലെ കഴുത വെള്ളത്തിൽ വീണു. പഞ്ഞി വെള്ളം

കുടിച്ചു വീർത്തു. ഭാരം അനേകമടങ്ങ് വർദ്ധിച്ചു. അമിതഭാരം ചുമന്ന് അവശനായാണ്

അന്ന് കഴുത വീട്ടിലെത്തിയത്.



# മറക്കാൻ പറ്റാത്ത കാലങ്ങൾ

മനുഷ്യർ ഏതുക്കാലഘട്ടത്തിൽ ആരോട് ചോദിച്ചാലും അവർ പറയും ഞങ്ങൾക്ക് വീണ്ടും കുട്ടിക്കാലത്തെക്ക് വീണ്ടും പോകണമെന്ന്. ഇതുപോലെ ഉള്ള ഒരു കുട്ടി.അവനുണ്ടകുന്ന ഒന്നിലധികം മോഹങ്ങൾ.അതും അവൻ അതിലേക്ക് മാലാഖയെ പോലെ പറന്നെത്തുന്നു.ആ കുട്ടിയെ ആണ് നമ്മൾ പരിചയപ്പെടുന്നത്.അവൻ്റെ പേര് കണ്ണൻ എന്ന് ആണ്.അവൻ ജീവിക്കുന്നത് ഒരു ചെറു ഗ്രാമത്തിലെ ചെറു കുടുംബത്തിലാണ്.അവൻ്റെ കുടുംബം വളരെ ദാരിദ്ര്യം ആണെങ്കിലും അവർ ഐക്യത്തോട് കൂടിയാണ് അവിടെ ജീവിച്ചിരുന്നത്.ഒരു ദിവസം കാലത്ത് ഒരു ഒമ്പത് മണി ആകാൻ പോകുന്നു. കണ്ണനും അവൻ്റെ കൂടോക്കാരും കണ്ണുപൊത്തി കളിക്കുകയായിരുന്നു. ആ നേരത്ത് ആ ദൃശ്യം അവൻ കണ്ടു.അവൻ്റെ അച്ഛനെ തൻ്റെ കൺമുന്നിൽ വെച്ച് പോലീസ് പിടിച്ചു കൊണ്ടു പോകുന്നത്. ആ സമയത്ത് അവൻ്റെ മാനസിക നില ആകെ തെറ്റിയിരുന്നു. എന്നിട്ടും അവൻ്റെ കൂട്ടുകാർ അവനെ കളിയാക്കുകയയിരുന്നു.അതും അവൻ്റെ മനസ്സിൻ്റെ വേദനയെ വർധിപ്പിച്ചു.അതും അവൻ്റെ അച്ഛനെ ഒരു കെട്ടകഥയിൽ കുടുക്കിയതാണെന്ന് തൻ്റെ അമ്മ പറഞ്ഞപ്പോൾ ഹൃദയം തകർന്നു.എന്നിട്ട് അവൻ അവൻ്റെ കണ്ണ് നീര് തുടച്ചുകൊണ്ട് പോലീസ് വണ്ടിയുടെ പിറകിൽ ഓടി പോയി.തൻ്റെ അച്ഛൻ വണ്ടിയിൽ നിന്ന്

കരയുന്നു. അന്ന് മുതൽ അവൻ്റെ ആഗ്രഹം ഒരു IPS ആകണമെന്നും അന്ന് തൻ്റെ അച്ഛനെ വെറുതെ പിടിച്ച പോലീസിനെ കൊണ്ട് സല്യൂട്ട് ചെയ്യണം എന്നും.കാലങ്ങൾക്കു ശേഷം അവൻ അവൻ്റെ ആഗ്രഹം സഫലമാക്കി.ആ പോലീസ് തൻ്റെ കൺമുന്നിൽ വെച്ച് സല്യൂട്ട് ചെയ്തു.ആ നേരത്ത് അവൻ അവൻ്റെ അച്ഛനെ ഓർത്ത് എന്നിട്ട് സന്തോഷത്തോടുക്കൂടി അവിടന്ന് ഇറങ്ങി



# അതേ പ്രാർഥന

വസന്തത്തോടർഥിച്ചതു വെറുക്ഷയായില്ല. തേന്മാവടിമുടി
പൂങ്കുലകളണിഞ്ഞു നിന്നു. ഒരു പൂവും കൊഴിയാതയുണ്ണികൾ വിരിഞ്ഞു.
പിന്നീ ടൊരുണ്ണിയും പിഴയ്ക്കാതെ വളർന്നുവന്നു.
സര്യാലി മുറ്റിലുംതോറും കുനിയുകെന്നറിവുള്ള വൈനൽ
ചുഴന്നൂതിയതിയതിൻ നിക്ഷേപമോരോന്നും മാണിക്യരത്നങ്ങളാകാൻ
മുതിർന്നേയുള്ളൂ ആയിരമണ്ണാർക്കണ്ണന്മാർ പാഞ്ഞുകേറി കൊമ്പുകളി
ലായിരം കാക്കകളതിൽപ്പറന്നു വീണു.
ആയിരം കൊച്ചടികളത്തണൽ വിരിയിൽപ്പതിഞ്ഞു ക്രയികനഗരം
പോലത്തോപ്പി ചമഞ്ഞു. അയൽപ്പാതവക്കത്തന്നു. വഴിപ്പണിക്കുടച്ചിട്ടോ
(രുരുളൻകല്ലുകൾക്കൊക്കെച്ചിറകും വന്നു എല്ലാമെല്ലാം
കഴിഞ്ഞപ്പോളമ്മാമരം കലുഷമാം പിന്നത്തെ വസന്തത്തോടുർഥിക്കയായി.
“ഭഗവാനേ തന്നരുൾകെനിക്കു വീണ്ടും സഫലജന്മം.” വേറെന്തുള്ളു
വരമെങ്കൽ ദേവനാക്രോശിച്ചു. “സാധാ വേദനയ്ക്കു വേണ്ടിത്താനോ ചോദിച്ചു
വീണ്ടും!’ പരിസ്ഫുരൽ പ്രഭാതാംശു പതിയും പല്ലവം മെല്ലെ-
ചലിക്കുമാറമ്മാകന്ദം മൊഴിഞ്ഞിതേവം, ദരിദ്രൻ്റെ മാവിപ്പാണസഹനീയം!”

ത്രിവിക്രമന്നു മുമ്പിൽ
(ഇടശ്ശേരി ഗോവിന്ദൻനായർ)

കഥ

# അമ്മ മനസ്സ്



പുല്ലാനിക്കാട്ടിലെ മാൻകുട്ടിലല്ലു, അമ്മയോടൊപ്പം ഇളം പുല്ലുതിന്ന് തെളിനീർകു ടിച്ച് തുള്ളിക്കളിച്ച് രസിച്ച് നട ക്കുകയായിരുന്നു. കുഞ്ഞുമാനിന് സന്തോഷമായിരുന്നു. മര ങ്ങൾക്കിടയിലൂടെ അരിച്ചിറങ്ങി വരുന്ന സൂര്യപ്രകാശം അവന്കൂടുതൽ ഉന്മേഷം നൽകി. അവൻ കുറേ നേരം തുള്ളിക്ക ളിച്ച് ഓടിനടന്നു. അപ്പോൾ അമ്മാമൻ പറഞ്ഞു: "മോനേ കൂടുതൽ ദൂരം പോകരുത്. അമ്മയെ വിട്ടു മാറി നിൽക്കരുത്. നമ്മുടെ ശത്രുക്കൾ എവിടുന്നാ വരുന്നതെന്നു അറിയാൻ കഴിയില്ല. അതുകൊണ്ട് സൂക്ഷിക്കണം".

എന്താണമ്മേ ശത്രു ക്കൾ എന്നു പറയുന്നത്?" ലല്ലുമാന് സംശയ മായിരുന്നു. അപ്പോൾ അമ്മ പറഞ്ഞു: "മോനേ നമ്മളെ കൊന്നു തിന്നാൻനടക്കുന്ന സിംഹം, കടുവ, പുലി എന്നൊക്കെ പേരുള്ള മൃഗങ്ങൾ നമ്മുടെ ശത്രുക്കളാണ്". "ശരിയമ്മേ, ഞാൻ സൂക്ഷിച്ചു കൊള്ളാം" അവൻ പിന്നെയും തുള്ളിച്ചാടി രസിച്ചു. അമ്മയിൽ നിന്നും കുറെ അകന്നു. തിരിഞ്ഞു നോക്കുമ്പോൾ അമ്മയെ കാണാനില്ല. ലല്ലുവിന് ഭയമായി. തിരികെ ഓടുമ്പോൾ പെട്ടെന്നാണ് മുന്നിൽ ഒരു പെൺസിംഹം ചാടി വീണത്. ലല്ലു ഭയന്നുവിറച്ചു കരയാൻ തുങ്ങി.
അപ്പോൾ സിംഹം അവനെ സമീപിച്ച് പറഞ്ഞു. "നീ എന്തിനാ കരയുന്നത്. നിന്നെ ഞാൻ തിന്നാൻ പോകുകയാണ്. എനിക്ക് നല്ല വിശപ്പുണ്ട്. ഇളംമാനിന്റെ ഇറച്ചിക്ക് എന്തു രുചിയാണന്നോ, ഹായ്"

ലല്ലു കരഞ്ഞു പറഞ്ഞു: "അയ്യോ എന്നെ കൊല്ലല്ലേ; വി ശപ്പുണ്ടെങ്കിൽ എന്റെ കൂടെ വരൂ. നല്ല ഇളം പുല്ലും മധുരമുള്ള ഇലകളും കാണിച്ചുതരാം .

'പുല്ലും ഇലകളും തിന്നുന്ന തനിന്നെപ്പോലുള്ള മാനകളാ. എനിക്ക് നിന്റെ ഇറച്ചിയാ വേണ്ടത്". മാൻകുട്ടി ഭയന്നു വിറച്ചു. അവൻ വിക്കി വിക്കി പറഞ്ഞു. "അയ്യോ എനിക്ക് പേ ടിയാകുന്നു. എന്നെ ഒന്നും ചെയ്യരുത്".നിന്നെ ഇപ്പോൾ തന്നെ ഞാൻ കൊന്നു തിന്നും". സിംഹം പറഞ്ഞു.
രക്ഷയില്ലെന്ന് അവന് മനസിലായി. ഇനി അടവൊന്നു മാറ്റി നോക്കാം. "അയ്യോ അരുത്. എനിക്ക് വല്ലാത്ത ദാ ഹമുണ്ട്. അമ്മയ്ക്ക് നിർബന്ധ മാണെങ്കിൽ എന്നെ തിന്നോള്ളൂ. പക്ഷെ എനിക്ക് അമ്മയുടെ പാൽ ഇത്തിരി തരുമോ? ദാഹിച്ച് തൊണ്ട വരളുന്നു".

"ഇല്ല സിംഹം മാനിനെ പാലൂട്ടില്ല. ചാകാൻ പോകുന്ന നി നക്കെന്തിനാ പാൽ".

“അമ്മ അങ്ങനെ പറയരുത്. ഇത്തിരി പാൽ കുടിച്ചിട്ട് അമ്മയ്ക്ക് തീറ്റയാകാം”. അതുകേട്ടപ്പോൾ അമ്മ സിംഹത്തിൻ്റെ മനസ്സലിഞ്ഞു. അവൾ പറഞ്ഞു: ”ശരി നീ ഇത്തിരി പാൽ കുടി ച്ചോളൂ. വേഗം വേണം”. മാൻ കുട്ടി അമ്മ സിംഹത്തിൻ്റെ പാൽ വേഗം വലിച്ചു കുടിച്ചു. അവന് സന്തോഷമായി. വയർ നിറഞ്ഞപ്പോൾ ലല്ലു, അമ്മ സിംഹത്തിന്റെ മുന്നിൽ തലകുനിച്ച് നിന്നിട്ട് പറഞ്ഞു: ”ഇതാ അമ്മേ ഞാൻ തയ്യാർ അമ്മ എന്നെ തിന്നോളൂ”. മാൻകുട്ടി പാൽ കുടിക്കുമ്പോൾ അമ്മ സിംഹത്തിന് തൻ്റെ ഗുഹയിലുള്ള കുഞ്ഞുങ്ങളെ ഓർമ വന്നു. അവളിലെ മാതൃത്വം ഉണർന്നു. അവൾ പറഞ്ഞു: ”നീ എൻ്റെ പാൽ കു ടിച്ചപ്പോൾ മകനെപ്പോലെയായി. നിന്നെ ഞാൻ കൊല്ലുന്നില്ല. നീ വേഗം ഓടി പൊയ്ക്കോളൂ.

അല്ലെങ്കിൽ വേണ്ട, നിന്റെ അമ്മ എവിടെയാ ഞാൻ കൊണ്ടുപോയി വിടാം. അമ്മ സിംഹം ലല്ലുവിനെ കൂട്ടി നടന്നു. അവർ ചെല്ലുന്നത് ലല്ലുവിന്റെ അമ്മ നോക്കി നിൽക്കുകയായിരുന്നു. മകൻ, സിംഹത്തോടൊപ്പം വരുന്നത് കണ്ടപ്പോൾ അവൾ ഭയന്നു വിറച്ചു.

ദൂരെ അമ്മയെ കണ്ടപ്പോൾ ലല്ലു പറഞ്ഞു. ”അതാ എന്റെ അമ്മ. ശരി നീ വേഗം അങ്ങോട്ട് ചെല്ലൂ’ എന്ന് പറഞ്ഞ് സിംഹം തിരിച്ചു നടന്നു.

